പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3465

14.10.2011-ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിൽ സമഗ്രമായ അഴിച്ചുപണി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, റ്റി.എൻ.പ്രതാപൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സമഗ്രമായ അഴിച്ചുപണി സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br><br>(ബി) ഇതു സംബന്ധിച്ച് റിയാബ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;<br><br>(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ചേർന്ന് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുമായി 2011 ജൂൺ-21ാം തീയതി സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് മൊത്തത്തിലുള്ള അവലോകനയോഗം നടത്തുകയുണ്ടായി. RIAB കമ്പനികളുടെ പ്രവർത്തന അവലോകനം സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ട മേഖലകൾ ഏതെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ അതാത് സ്ഥാപനങ്ങളിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ